വിജയശ്രീ

# കുടുംബശ്രീ ഇൻഷുറൻസ് പരിരക്ഷ നേടാം

കുടുംബശ്രീ സ്ത്രീസുരക്ഷാ ബീമാ യോജന പദ്ധതിയിൽ അയൽക്കൂട്ട വനിതകൾക്ക് അംഗമാകാം. അയൽക്കൂട്ടങ്ങളിൽ അംഗമായവർക്കെല്ലാവർക്കും പദ്ധതിയുടെ ഭാഗമാകാനാകും. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനുമായി സഹകരിച്ച് കുടുംബശ്രീ സംയുക്തമായി നടത്തുന്ന ഈ പദ്ധതിയുടെ കാലാവധി 2020 മേയ് 31 വരെയാണ്. 18 മുതൽ 75 വരെ പ്രായമുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയുടെ ഭാഗമാകാനാകും. അയൽക്കൂട്ട അംഗങ്ങളായ വനിതകളുടെ ജീവനു പരിരക്ഷ നൽകുക, അടിയന്തര ധനസഹായം എന്നിവയാണ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

വാർഷിക പ്രീമിയമായ 342 രൂപയിൽ 181 രൂപയാണ് അടയ്ക്കേണ്ട ത്. 51 മുതൽ 75 വരെ പ്രായമുള്ളവർ 160 രൂപ മാത്രമടച്ചാൽ മതി. ശേഷിച്ച തുക കേന്ദ്ര സർക്കാർ വിഹിതമാണ്. പദ്ധതിയിൽ അംഗമാകുന്ന 18 മുതൽ 59 വയസ്സു വരെയുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് വിവിധ സാമ്പത്തിക സഹായങ്ങൾ ലഭിക്കും. സ്വാഭാവിക മരണം, അപകട മരണം, അപകടം മൂലം സ്ഥിരമായ അംഗവൈകല്യം, ഭാഗിക അംഗവൈകല്യം തുടങ്ങിയ സാഹചര്യങ്ങളിൽ സാമ്പത്തിക സഹായം ലഭിക്കും. പദ്ധതിയിൽ അംഗമായിരിക്കുന്നവർ മരിച്ചാൽ കുടുംബാംഗങ്ങൾക്ക് അടിയന്തര ധനസഹായവും നൽകും.

അയൽക്കൂട്ട വനിതകൾ ഏവരും തന്നെ ഈ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമാകുമല്ലോ.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ



# അന്നമൂട്ടും അമ്മമാർ

അമ്മ വീട്ടിലുണ്ടാക്കി സ്നേഹത്തോടെ ഊട്ടുന്ന ഭക്ഷണം. അതിന്റെ രുചി ഒന്നു വേറെ തന്നെ. ജോലിക്കും മറ്റുമായി വീടുവിട്ട് നഗരങ്ങളിലേക്കു ചേക്കേറുന്നവർക്ക് ഏറ്റവും കൂടുതൽ നഷ്ടബോധമേകുന്നതിലൊന്നും അമ്മയുടെ ഈ സ്നേഹത്തിൽ പൊതിഞ്ഞ രുചി തന്നെയാകും. കാസർകോട് ജില്ലയിൽ കലക്ടറേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വിദ്യാനഗറിലെ സിവിൽ സ്റ്റേഷൻ കെട്ടിടത്തിലും പരിസര പ്രദേശങ്ങളിലും ജോലിക്കും മറ്റുമെത്തുന്നവർക്ക് ഈ ഒരു നഷ്ടബോധം ഒരിക്കലുമുണ്ടാകാനിട നൽകാതെ ഒരു കുടുംബശ്രീ സംരംഭം വിജയകരമായി പ്രവർത്തിച്ചു വരുന്നു. 'അന്നപൂർണ കേറ്ററിങ് ആൻഡ് ടിഫിൻ സർവീസ്' എന്ന സൂക്ഷ്മ സംരംഭമാണിത്.

ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ പെരമ്പള കപ്പണയടുക്കത്തൊണ് ടി. ശാരദ, കെ. ലക്ഷ്മി, കെ. ശ്രീജ, ശ്യാമള എന്നീ നാല് കുടുംബശ്രീ അംഗങ്ങൾ ചേർന്നു നടത്തുന്ന ഈ സൂക്ഷ്മ സംരംഭം പ്രവർത്തിക്കുന്നത്. 55നും 65നും ഇടയിൽ പ്രായമുള്ള ഇവർ അധ്വാനത്തിന്റെ മഹത്വം തന്നെയാണ് ഈ വിജയകരമായ സംരംഭത്തിലൂടെ വെളിവാക്കുന്നതും. നേരത്തേ വിളിച്ച് ബുക്ക് ചെയ്തിരിക്കുന്നവർക്ക് എല്ലാ ദിവസവും ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെയുള്ള സമയത്ത് രുചിയേറും ഭക്ഷണം സ്റ്റീൽ പാത്രത്തിലാക്കി എത്തിച്ചു നൽകുകയാണ് ഇവർ ചെയ്യുക. മീൻ കറി ഉൾപ്പെടെയുള്ള നോൺ വെജ് ഊണിന് 40 രൂപയാണു വില. വെജിറ്റേറിയൻ ഊണും ലഭിക്കും.

ഭക്ഷണം പാകം ചെയ്യുന്നതിനും അത് മറ്റുള്ളവർക്കു നൽകുന്നതിലും എന്നും തത്പരരായിരുന്ന ഈ നാലു പേരും ചേർന്ന് 2018 മേയിൽ പെരുമ്പള ചാമുണ്ഡേശ്വരി ക്ഷേത്രത്തിലെ ഭാരവാഹികളുടെ യോഗത്തിന് 2000 പേർക്കു ഭക്ഷണം തയാറാക്കി നൽകിയത് വിജയകരമായതോടെയാണ് ഇങ്ങനെയൊരു സംരംഭത്തെക്കുറിച്ച് ആലോചിക്കുന്നത്. കുടുംബശ്രീയിൽ നിന്ന് ഒരു ലക്ഷം രൂപ വായ്പയായും കൂടാതെ സ്വന്തം നിലയിലും തുക കണ്ടെത്തി ഇവർ ഉടൻ തന്നെ അന്നപൂർണ കേറ്ററിങ് യൂണിറ്റിന് തുടക്കം കുറിച്ചു. ചെമ്മനാട് പഞ്ചായത്ത് ഓണച്ചന്തയുടെ ഭാഗമായി ഓഗസ്റ്റിൽ 8 ദിവസം തുടർച്ചയായി ഓണസദ്യ തയാറാക്കി നൽകാനുള്ള ഓർഡർ പഞ്ചായത്തും നൽകി. ഇത് വിജയകരമായതോടെ ഈ വനിതാ സംരംഭത്തിന്റെ കാര്യക്ഷമതയും തെളിഞ്ഞു.

ദിവസേന ശരാശരി 70 ടിഫിനുകളാണ് ഇപ്പോൾ ഇവർ വിതരണം ചെയ്യുന്നത്. സിവിൽ സ്റ്റേഷനിലെ സർക്കാർ ഓഫിസുകളിൽ നടക്കുന്ന ചടങ്ങുകൾക്കും കൂടാതെ പുറത്തുള്ള ചടങ്ങുകൾക്കും ഭക്ഷണം തയാറാക്കിയും നൽകുന്നു. കുറച്ചുകൂടി സൗകര്യങ്ങളുൾപ്പെടുത്തി ഈ വർഷം മേയിൽ ഇവർ യൂണിറ്റ് നവീകരിച്ചു. വിറ്റുവരവിൽ പ്രധാന ഭാഗവും വിവിധ വായ്പകൾ തിരിച്ചടയ്ക്കാനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനും പ്രവർത്തന ചെലവിനുമാണ് വകയിരുത്തുന്നതെങ്കിലും ഇപ്പോൾ ശരാശരി 6000 രൂപ മാസവരുമാനമായി യൂണിറ്റ് അംഗങ്ങൾക്കു ലഭിക്കുന്നു.

## കുടുംബശ്രീ ഇൻഫൊ

### കുടുംബശ്രീ ഫൊട്ടോഗ്രഫി മത്സരം : പി.പി. രതീഷിന് ഒന്നാം സ്ഥാനം

കുടുംബശ്രീ ഒരു നേർച്ചിത്രം എന്ന പേരിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി സംഘടിപ്പിച്ച ഫൊട്ടോഗ്രഫി മത്സരത്തിൽ പാലക്കാട്ടു നിന്നുള്ള പി.പി. രതീഷ് ഒന്നാം സ്ഥാനത്തിന് അർഹനായി. മലപ്പുറം സ്വദേശി ഇ. റിയാസ് രണ്ടാമതും കാസർകോട് സ്വദേശി ദീപേഷ് പുതിയ പുരയിൽ മൂന്നാം സ്ഥാനത്തുമെത്തി. ഒന്നാം സ്ഥാനത്തിന് 20,000 രൂപയും രണ്ട ാം സ്ഥാനത്തിന് 10,000 രൂപയും മൂന്നാം സ്ഥാനത്തിന് 5,000 രൂപയും കാഷ് അവാർഡായി ലഭിക്കും. കുടുംബശ്രീയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളായിരുന്നു മത്സര വിഷയം. 600 ഓളം ഫോട്ടോകളിൽനിന്നാണ് വിദഗ്ധ പാനൽ വിജയികളെ കണ്ടെത്തിയത്.



# പഠിക്കാം ഫാഷൻ ടെക്നോളജിയും

ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (ഡിഡിയുജികെവൈ) എന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പരിപാടി കേരളത്തിൽ നടപ്പിലാക്കുന്നത് കുടുംബശ്രീ വഴിയാണ്. ഗ്രാമീണ മേഖലയിലെ നിർധനരായ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നു, കൂടാതെ തൊഴിലും ഉറപ്പ് നൽകുന്നു. കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്ന പ്രോജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾ വഴി 22 വ്യത്യസ്തമായ തൊഴിൽ മേഖലകളിലെ 127ലേറെ കോഴ്സുകളിൽ പരിശീലനം നേടാനാകും. 15 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവജനങ്ങൾക്കു പരിശീലനത്തിന്റെ ഭാഗമാകാം. സ്ത്രീകൾ, അംഗപരിമിതർ, പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെടുന്ന ആദിവാസികൾ എന്നിവർക്ക് 45 വയസ്സാണ് ഉയർന്ന പ്രായപരിധി. റെസിഡൻഷ്യൽ രീതിയിലും പരിശീലനം നൽകുന്നു. താമസവും ഭക്ഷണവും സൗജന്യമാണ്.

ഡിഡിയുജികെവൈ പദ്ധതിയുടെ ഭാഗമായി അപ്പാരൽ സെക്ടറിൽ ഫാഷൻ ഡിസൈനിങ് കോഴ്സിലും പരിശീലനം നൽകുന്നു. വ്യാവസായികാടിസ്ഥാനത്തിലുള്ള തയ്യൽ, സാദാ തയ്യൽ എന്നിവയിലും അപ്പാരൽ മേഖലയിൽ പരിശീലനം നൽകുന്നു. 11,000 രൂപ ശരാശരി ശമ്പളം ലഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന
കോൾ സെന്റർ നമ്പരിൽ വിളിക്കാം - 04842 959595